


ബ്രദർ റിച്ചാർഡ് വരിക്കാശ്ശേരിൽ

വിശ്വാസത്തിന്റെ കടുകുമണികൾ പൊട്ടിവിടരാൻ വചനം മഴപോലെ നമ്മുടെ ഹൃദയങ്ങളിൽ പെയ്തിറങ്ങുന്നു, കടുകുമണിയോളം വിശ്വാസം വിശ്വാസവളർച്ചയുടെ ഉയരങ്ങളിലേയ്ക്ക് എത്താനുള്ള സാധ്യതകളെ ഉണർത്തുന്നു.

ഒരു നാട്ടിലെ ജനങ്ങൾ മഴ ലഭിക്കാത്തതുമൂലം ഒട്ടേറെ ക്ലേശമനുഭവിച്ച് പോന്നു. പള്ളിയിലെ വികാരിയച്ചൻ ഒരു പോംവഴി പറഞ്ഞു. നമുക്കൊരുമിച്ച് ഒരു ആരാധന നടത്തി നാട്ടിൽ അനുഗ്രഹ മഴ പെയ്യിക്കാം. നിശ്ചയിച്ച പ്രകാരം എല്ലാവരും ആരാധനയ്ക്കായി പള്ളിയിൽ വന്നുചേർന്നു. അപ്പോൾ ഒത്തിരികാലമായി മഴപെയ്യാത്ത ആ നാട്ടിൽ ഒരു കുടയുമായി ഒരു ബാലൻ പള്ളിയിലേയ്ക്ക് കടന്നുവന്നു. എല്ലാവരും അവനെ നോക്കി പരിഹസിച്ചു. അപ്പോൾ ആ ബാലൻ തന്നെ പരിഹസിച്ചവരോടു നിഷ്കളങ്കമായി പറഞ്ഞു. “നമ്മൾ ആരാധിച്ചു കഴിയുമ്പോൾ ദൈവം നമുക്ക് മഴ നല്കും. അപ്പോൾ മഴ നനയാതെ കുടചൂടി വീട്ടിലേയ്ക്ക് മടങ്ങുവാനാണ് ഞാൻ കുട കൊണ്ടുവന്നിരിക്കുന്നത്.” ഇത് ശ്രവിച്ച എല്ലാവരും തങ്ങളുടെ അല്പവിശ്വാസത്തെപ്പറ്റി ബോധവാന്മാരായി.

പ്രിയമുള്ളവരെ, ഇന്നത്തെ സുവിശേഷത്തിൽ നാം അല്പവിശ്വാസികളായ ശിഷ്യരെ കണ്ടുമുട്ടുന്നു. വിശ്വാസത്തിന്റെ ആവശ്യകതയും അതുല്യശക്തിയും ഇന്നത്തെ സുവിശേഷത്തിലൂടെ ക്രിസ്തുനാഥൻ സുവ്യക്തമാക്കുന്നു. വിശുദ്ധ ഗ്രന്ഥ പശ്ചാത്തലത്തിൽ വിശ്വാസത്തിന്റെ മഹത്വം നമുക്കു പരിശോധിക്കാം.

ക്രിസ്തുവിന്റെ രക്ഷാകരമായ സുവിശേഷത്തിലുള്ള വിശ്വാസം ക്രിസ്തുവിനും സുവിശേഷത്തിനും വേണ്ടി സേവനം ചെയ്യാൻ നമുക്കു പ്രചോദനം നൽകുന്നു. ക്രിസ്തു ഈ ലോകത്തിന്റേതല്ലാത്തതുപോലെ നാമും ഈ ലോകത്തിന്റേതല്ല. പ്രത്യുത ക്രിസ്തുവിനോടൊരുമിച്ച് ‘ഒരു പുതിയ ആകാശവും പുതിയ ഭൂമിയും’ സൃഷ്ടി

ക്കുവാൻ അഥവാ സുവിശേഷത്തിൽ പറയുന്ന ദൈവ രാജ്യം സ്ഥാപിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം.

ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിന് നാമോരുത്തരും നമ്മുടെ ഹൃദയത്തിൽ ദൈവത്തെ പ്രതിഷ്ഠിക്കണം. അപ്പോൾ നാം അനുദിനജീവിതത്തിൽ നമ്മുടെ വിശ്വാസത്തോട് നൂറു ശതമാനവും വിശ്വസ്തത പാലിക്കുന്നവരാകും. ക്രിസ്തുവിൽ വിശ്വസിക്കുന്നതോടുകൂടി വിശ്വാസനുസൃതമായി ജീവിക്കുവാൻ നാം നിർബന്ധിതരായിത്തീരുന്നു. വിശുദ്ധ പൗലോസിനെ ഒരുത്തമ ഉദാഹരണമായെടുക്കാം. മാനസാന്തരപ്പെട്ട് ക്രിസ്തുവിൽ വിശ്വാസമർപ്പിച്ച അദ്ദേഹത്തിനു പറയുവാൻ കഴിഞ്ഞു "ഇപ്പോൾ ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്ന്. വിശ്വാസനുസൃതമായി ജീവിക്കുന്നില്ലായെങ്കിൽ നിത്യജീവൻ പ്രാപിക്കുവാൻ വിശ്വാസം നമുക്കു സഹായകമായി ഭവിക്കുന്നില്ല. (യാക്കോ 2, 17, 20: മത്തായി 7, 25).

മാമ്മോദീസായിൽ ദൈവം നമ്മിൽ നൽകുന്ന വിശ്വാസം എന്ന ദാനത്തെ ഒരു ചെറിയ കടുകുമണിയായി സങ്കല്പിക്കാം. ഇതു കാത്തുസൂക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും നമുക്കു കടമയുണ്ട്. വിശ്വാസത്തെ അതിന്റെ പൂർണ്ണതയിൽ കാണാൻ കഴിയുന്നത് ഉപവിയിലാണ്. ദൈവത്തോടും നമ്മുടെയൊക്കെ സഹോദരങ്ങളോടുമുള്ള സ്നേഹത്തിന്റെ വളർച്ച വിശ്വാസത്തിന്റെ വളർച്ചയാണ്. ചുരുക്കിപ്പറയുകയാണെങ്കിൽ ക്രിസ്തീയജീവിതവും പഠനവുമെല്ലാം നമുക്ക് സ്നേഹത്തിൽ ഉൾക്കൊള്ളിക്കുവാൻ കഴിയും. സ്നേഹത്തിന് നിദാനമായി നിൽക്കുന്ന വിശ്വാസത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

അല്പവിശ്വാസം പലപ്പോഴും നമ്മെ അറിഞ്ഞോ അറിയാതെയോ കീഴ്പ്പെടുത്തിക്കളയാറുണ്ട്. ഒരിക്കൽ ഒരു ചേടത്തി തന്റെ വീടിന്റെ മുറ്റത്തെ ഇലകൾ അടിച്ചുവാരി മടുത്തപ്പോൾ, മുറ്റത്തെ മരം അവിടെ നിന്നും മാറിപോകുവാനായി നൊവേന ചൊല്ലി പ്രാർത്ഥിക്കുവാൻ തുടങ്ങി. 'മലകൾവരെ മാറ്റിത്തരുന്ന ദൈവം തന്റെ മരവും വീടിന്റെ പിൻവശത്തേയ്ക്ക്' മാറ്റിത്തരുമെന്ന് വിശ്വസിച്ചു താൻ ഒമ്പതാം ദിവസം ഉണർന്നു കഴിയുമ്പോൾ അത് സംഭവിക്കുമെന്ന് അവൾ പ്രത്യാശിച്ചു. ഒമ്പതാം ദിവസം രാവിലെ വാതിൽ തുറന്നുനോക്കിയ ചേടത്തി ആ മരം അവിടെ തന്നെ നില്ക്കുന്നത് കണ്ടു. എടുത്തവായിൽ അവർ പറഞ്ഞു: "അല്ലേലും എനിക്കറിയാമായിരുന്നു ഈ മരമൊന്നും ഇവിടെ നിന്ന് മാറിപോകാൻ പോകുന്നില്ലായെന്ന്." ഈ ചേടത്തിയുടെ മനോഭാവത്തോടുചേർന്ന് നാമും നമ്മുടെ ജീവനും ജീവിതവും വിലയിരുത്തേണ്ടിയിരിക്കുന്നു.

വിശ്വാസമെന്ന ദൈവീകപുണ്യത്തിനുവേണ്ടി നമുക്ക് ദാഹിച്ച് പ്രാർത്ഥിക്കാം. പരിശുദ്ധാത്മാവിന്റെ നിറവിലൂടെ ലഭിക്കുന്ന അടയാളവരങ്ങളിൽ ഒന്നായ വിശ്വാസത്തിന്റെ അഭിഷേകത്തിലൂടെ ഈ ലോകത്തിൽ ദൈവത്തിന്റെ ഉപകരണങ്ങളായി നിലകൊണ്ടുകൊണ്ട് നമുക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കാം. വിശ്വാസത്തിന്റെ നിറവിൽ നമുക്ക് ചുറ്റുമുള്ളവർക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കാം. അപ്പോൾ യേശുനാഥന്റെ രണ്ടാമത്തെ ആഗമനത്തിൽ അബ്രാഹത്തെപ്പോലെ നാമും ഒരു അനുഗ്രഹമാണെന്ന് അവിടുന്ന് തിരിച്ചറിയുകയും സ്വർഗ്ഗഭാഗ്യത്തിനവകാശികളാക്കുകയും ചെയ്യട്ടെ. ◆

